*സെന്റ് ജോസഫ്സ് മെട്രോപ്പോളിറ്റൻ കത്തീഡ്രൽ,*

*പാളയം*

*11.04.2009*

# പെസഹാ ജാഗരണം 2009

''കർത്താവ് സത്യമായും ഇയിർത്തെഴുന്നേറ്റു'' (ലൂക്കാ. 24, 34). ഏറ്റവും വലിയ തിരുനാളാണ്, തിരുനാളുകളുടെ തിരുനാളാണ് ഉയിർപ്പു തിരുനാൾ. ''കർത്താവ് സത്യമായും ഉയിർത്തെഴുന്നേറ്റു''. ഇതിനെക്കാളും വലിയ ഒരു വിശ്വാസസത്യമോ രക്ഷയുടെ മാർഗ്ഗമോ വേറെയില്ല: ''യേശു കർത്താവാണെന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വാസിക്കുകയും ചെയ്താൽ നീ രക്ഷപ്രാപിക്കും'' (റോമ. 10-9). യേശുവിന്റെ ഉത്ഥാനത്തിൽ വിശ്വസിക്കുകയും അതിനു സാക്ഷ്യം നൽകുകയും ചെയ്യുന്ന എല്ലാവരും രക്ഷപ്പെടും.

## 1. യേശുവിന്റെ ഉത്ഥാനം

യേശുവിനെ സംസ്കരിച്ച ശേഷം പ്രധാന പുരോഹിതന്മാരുടെയും ഫരിസേയരുടെയും അഭ്യർത്ഥന പ്രകാരം പിലാത്തോസിന്റെ അനുവാദത്തോടെ അവർ ''കല്ലിനു മുദ്രവച്ച് കാവല്ക്കാരെ നിറുത്തി കല്ലറ ഭദ്രമാക്കി'' (മത്താ. 27, 65). എന്നാൽ പിറ്റേദിവസം കാലത്ത് ശൂന്യമായ കല്ലറയാണ് അവർ കണ്ടത്. ഇതിന് നൽകാൻ കാവൽക്കാർക്ക് വിശദീകരണമൊന്നുമില്ലായിരുന്നു. പ്രമാണികൾ കാവൽക്കാർക്ക് പണം കൊടുത്തുകൊണ്ട്, രാത്രി ശിഷ്യന്മാർ വന്ന് യേശുവിന്റെ ശരീരം മോഷ്ടിച്ചുകൊണ്ടു പോയി എന്നു പറഞ്ഞു പരത്താൻ ആവശ്യപ്പെട്ടു. അവരാരും യേശുവിന്റെ ഉത്ഥാനത്തിൽ വിശ്വസിച്ചില്ല. ആദ്യമാദ്യം ശിഷ്യന്മാരും യേശുവിന്റെ ഉത്ഥാനത്തിൽ വിശ്വസിക്കാൻ കൂട്ടാക്കിയില്ല. ''അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈവയ്ക്കുകയും ചെയ്താലല്ലാതെ ഞാൻ വിശ്വസിക്കുകയില്ല'' (യോഹ. 20-25) എന്ന് തോമസ് അപ്പോസ്തലൻ തറപ്പിച്ചു പറഞ്ഞു. അവസാനം യേശുവിനെ കാണുകയും അവിടുത്തെ സാന്നിദ്ധ്യം അനുഭവിക്കുകയും ചെയ്ത ശിഷ്യന്മാർ യേശു ഉത്ഥാനം ചെയ്തുവെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ''എന്റെ കർത്താവേ, എന്റെ ദൈവമേ'' (യോഹ. 20, 28) എന്ന് അധരം കൊണ്ട് ഏറ്റുപറയുകയും ചെയ്യുന്നു.

## 2. തെളിവുകളല്ല, അനുഭവമാണ് വിശ്വാസത്തിന്റെയും സാക്ഷ്യത്തിന്റെയും അന്തഃസത്ത

ഇന്നും യേശുവിന്റെ പുനരുത്ഥാനത്തിൽ വിശ്വസിക്കുന്നവരും വിശ്വസിക്കാത്തവരുമുണ്ട്. ക്രൈസ്തവരായ നാമൊഴികെ മറ്റാരും തന്നെ യേശുവിന്റെ പുനരുത്ഥാനത്തിൽ വിശ്വസിക്കുന്നവരല്ല. രക്ഷപ്രാപിക്കണമെങ്കിൽ ഹൃദയത്തിൽ വിശ്വസിക്കണമെന്നാണ് പൗലോസ് അപ്പോസ്തലൻ നമ്മെ ഉദ്ബോധിപ്പിക്കുന്നത്. എന്നാൽ ഉത്ഥാനത്തിൽ വിശ്വസിക്കുന്നുവെന്നു പറയുന്ന നമ്മുടെ വിശ്വാസം വാക്കുകളിൽ, കൂടിപ്പോയാൽ ബുദ്ധിയിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ലേ? ഹൃദയത്തിൽ നിന്നു വരുന്ന വിശ്വാസമല്ലെങ്കിൽ, അതിന് ജീവിതത്തെ സ്പർശിക്കുവാനോ ജിവിതത്തിൽ ഒരു മാറ്റം വരുത്തുവാനോ സാധിക്കുകയില്ല.

ശ്രീബുദ്ധന്റെ ജീവിതത്തിലെ ഒരു സംഭവം കേട്ടിട്ടുണ്ട്. ബോധോദയത്തിനു ശേഷം ശ്രീബുദ്ധൻ ശിഷ്യനായ ആനന്ദിനോടൊപ്പം ഗ്രാമങ്ങൾ ചുറ്റി സഞ്ചരിച്ച് പഠിപ്പിക്കുകയായിരുന്നു. ആദ്യമൊരു ഗ്രാമത്തിൽ ചെന്നപ്പോൾ ഒരു മനുഷ്യൻ വന്ന് അദ്ദേഹത്തോടു ചോദിച്ചു: ''ദൈവമുണ്ടോ?'' ശ്രീബുദ്ധൻ അയാൾക്ക് നൽകിയ മറുപടി ഇതായിരുന്നു: ''ദൈവമില്ല''. പിറ്റേ ദിവസം വേറൊരു ഗ്രാമത്തിൽ

ചെന്നപ്പോൾ വീണ്ടും ഒരു മനുഷ്യൻ വന്ന് അതേ ചോദ്യം ചോദിച്ചു: ''ദൈവമുണ്ടോ?''. ശ്രീബുദ്ധൻ മറുപടി പറഞ്ഞു: ''ദൈവമുണ്ട്''. കുറേ കഴിഞ്ഞ് മൂന്നാമതൊരു ഗ്രാമത്തിൽ ചെന്നപ്പോൾ അവിടെയും ഒരു മനുഷ്യൻ ബുദ്ധനോടു ചോദിച്ചു: ''ദൈവമുണ്ടോ?'' ഇത്തവണ ശ്രീബുദ്ധൻ മറുപടിയൊന്നും പറയാൻ പോയില്ല. കുറെനേരം സ്നേഹത്തോടും ശാന്തതയോടും നിർവൃതിയോടും ആ മനുഷ്യനെത്തന്നെ നോക്കിയിരുന്നു. ഇരുമ്പു കാന്തത്തിലേക്ക് ആകർഷിക്കപ്പെടുന്നതു പോലെ ആ മനുഷ്യൻ കുറേ നേരം ശ്രീബുദ്ധന്റെ കണ്ണുകളിലേയ്ക്ക് തന്നെ നോക്കിയിരുന്നു. കുറെക്കഴിഞ്ഞ് ആ മനുഷ്യൻ ശ്രീബുദ്ധനെ വന്ദിക്കുകയും പാദങ്ങൾ തൊട്ടു നമസ്ക്കരിക്കുകയും നന്ദിപറയുകയും ചെയ്തു കൊണ്ട് സ്വന്തം ഭവനത്തിലേയ്ക്ക് മടങ്ങി.

ബുദ്ധന്റെ പരസ്പര വിരുദ്ധമായ മറുപടികൾ ശിഷ്യനായ ആനന്ദനെ ആശയക്കുഴപ്പത്തിലാക്കി. അയാൾ ഇതിന്റെ വിശദീകരണം ഗുരുവിനോടു ചോദിച്ചു. അപ്പോൾ ബുദ്ധൻ നൽകിയ വിശദീകരണമിതാണ്: ''ആദ്യം വന്ന മനുഷ്യൻ ദൈവത്തിൽ വിശ്വസിക്കാത്തവനാണ്; എന്തു തന്നെ തെളിവുകൾ അയാളുടെ മുമ്പിൽ നിരത്തിയാലും ഒരിക്കലും ദൈവത്തിൽ വിശ്വസിക്കുകയില്ലെന്ന് നിശ്ചയിച്ചുറച്ചവനാണ്. സത്യം ഗ്രഹിക്കുവാനുള്ള തുറന്ന മനസ്സല്ല, കണ്ണടച്ച് എല്ലാം ഇരുട്ടാക്കുന്ന കഠിന ഹൃദയമാണ് അയാൾക്കുള്ളത്. അയാളോട് ദൈവത്തിന്റെ അസ്തിത്വത്തെ കുറിച്ച് ചർച്ചയ്ക്ക് ഒരുമ്പെട്ടിട്ട് കാര്യമൊന്നുമില്ല. അതുകൊണ്ട് വെറുതെ സമയം പാഴാക്കാതെ 'ദൈവമില്ല' എന്നു പറഞ്ഞ് ഞാൻ അയാളെ മടക്കി അയച്ചു''.

രണ്ടാമതു വന്നവൻ ദൈവവിശ്വാസിയാണ്. അവനോടും ചർച്ചയ്ക്ക് പോയിട്ടു കാര്യമില്ല. കാരണം മറ്റാരെക്കാളും ദൈവത്തെക്കുറിച്ചുള്ള എല്ലാ സത്യങ്ങളും തനിക്കറിയാമെന്ന് അഹങ്കരിക്കുന്നവനാണ് അയാൾ. എന്നാൽ ദൈവത്തിൽ വിശ്വസിക്കുന്നുവെന്ന് പറയുന്നുവെങ്കിലും ദൈവത്തെക്കുറിച്ച് അയാൾക്കും കാര്യമായിട്ടൊന്നും അറിയില്ല. കാരണം ദൈവം ബുദ്ധികൊണ്ട് മാത്രം ഗ്രഹിക്കേണ്ട ഒരു സത്യമല്ല. ഹൃദയം കൊണ്ട് അനുഭവിച്ചറിയേണ്ട ഒരു യാഥാർത്ഥ്യമാണ്. എല്ലാം തികഞ്ഞവനെന്നു ഭാവിക്കുന്ന അവനെ കൂടുതലൊന്നും പഠിപ്പിക്കുവാൻ എന്നെക്കൊണ്ടു സാധിക്കുമായിരുന്നില്ല. അതുകൊണ്ട് ''ദൈവമുണ്ട്'' എന്നു പറഞ്ഞ് ഞാൻ അവനെയും പറഞ്ഞയച്ചു.

മൂന്നാമത്തവൻ ഒരു സത്യാന്വേഷിയാണ്. തുറന്ന മനോഭാവത്തോടുകൂടിയാണ് അയാൾ എന്നെ സമീപിച്ചത്. വാക്കുകൾകൊണ്ട് അയാൾക്ക് എന്തെങ്കിലും തെളിയിച്ചു കൊടുക്കേണ്ടതായി വന്നില്ല. കുറേ നേരം അയാൾ എന്റെ സന്നിധിയിലായിരുന്നപ്പോൾ എന്നിലുള്ള ദൈവത്തിന്റെ ചൈതന്യം അയാളിലേയ്ക്ക് പ്രവഹിക്കുകയായിരുന്നു. ദൈവത്തെ അനുഭവിച്ചറിഞ്ഞ അയാൾക്ക് എന്റെ ഉത്തരത്തിനായി കാത്തു നിൽക്കേണ്ടതായി വന്നില്ല. ഇങ്ങനെ ദൈവത്തെ അനുഭവിച്ചും ആ അനുഭവം പങ്കുവച്ചും ജീവിതത്തെ സുന്ദരമാക്കാനുള്ള നിശ്ചയത്തോടെ അയാൾ സ്വഭവനത്തിലേയ്ക്ക് മടങ്ങി.

### 3. ശിഷ്യന്മാരുടെ ഉത്ഥാനാനുഭവം

യേശുവിന്റെ ഉത്ഥാനത്തിലുള്ള വിശ്വാസം ഇതുപോലെ വാദപ്രതിവാദങ്ങളിലൂടെ തെളിയിക്കേണ്ടതല്ല; അനുഭവത്തിലൂടെ പങ്കുവയ്ക്കേണ്ട ഒന്നാണ്. യേശുവിന്റെ മരണത്തിനും സംസ്ക്കാരത്തിനും ശേഷം ശിഷ്യന്മാരെല്ലാം ചിതറിക്കപ്പെട്ടു; അവരെല്ലാം നിരാശാഭരിതരായിരുന്നു. മ്ലാനവദരായി എമ്മാവൂസിലേക്ക് പോകുന്ന ശിഷ്മാരുടെ വാക്കുകളിലും ഈ നിരാശയും ദുഃഖവുമാണ് നിഴലിച്ചു നിൽക്കുന്നത്: ''ഇസ്രായേലിനെ മോചിപ്പിക്കാനുള്ളവൻ ഇവനാണെന്ന് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു'' (ലൂക്കാ. 24, 21). അപരിചിതന്റെ രൂപത്തിൽ വന്ന ഉത്ഥാനം ചെയ്ത യേശു തിരുവചനങ്ങൾ വ്യാഖ്യാനിച്ചുകൊടുത്തുകൊണ്ട് നിരാശ കൊണ്ടു നിറഞ്ഞ അവരുടെ ഹൃദയങ്ങളിൽ പ്രത്യാശയുടെ

ജ്വാലകൾ തെളിയിക്കുന്നു. വീട്ടിലെത്തി ഭക്ഷണത്തിനിരുന്നപ്പോഴാണ് അത്ഭുതകരമായ ആ കാഴ്ച അവർ കണ്ടത്. മരിച്ച് അടക്കപ്പെട്ട യേശു ഇതാ മഹത്വപൂർണ്ണനായി തങ്ങളുടെ മുമ്പിൽ നിൽക്കുന്നു. അത്ഭുതത്തിന്റെയും സന്തോഷത്തിന്റെയും വികാരങ്ങൾ കൊണ്ട് നിറഞ്ഞ അവർക്ക് പിന്നെ അവിടെ നിൽക്കാനായില്ല. ആ രാത്രിയിൽത്തന്നെ സന്തോഷത്തിന്റെ ഈ അനുഭവം മറ്റു ശിഷ്യന്മാരുമായി പങ്കുവയ്ക്കുവാൻ അവർ ജറുസലേമിലേക്ക് മടങ്ങിവരുന്നു. അവിടെച്ചെന്നപ്പോൾ അതിനെക്കാൾ വലിയ അത്ഭുതവും ആഹ്ലാദത്തിമിർപ്പും. ''കർത്താവ് സത്യമായും ഉയിർത്തെഴുന്നേറ്റു; ശിമയോനു പ്രത്യക്ഷപ്പെട്ടു എന്ന അവർ പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു'' (ലൂക്കാ. 24, 34). എമ്മാവൂസിൽ നിന്ന ശിഷ്യന്മാരും അവർ യേശുവിനെകണ്ട അനുഭവം വിവരിച്ചു കേൾപ്പിച്ചു. ''അവർ പറഞ്ഞു കൊണ്ടിരിക്കുമ്പോൾ യേശു അവരുടെ മദ്ധ്യേ പ്രത്യക്ഷനായി'' (ലൂക്കാ. 24. 36). സന്തോഷാധിക്യം കൊണ്ട് അവർ മതിമറന്നുപോയി. ആരും ഇനി ഒരിക്കലും സംശയിക്കാതിരിക്കാൻ ഉത്ഥാനം ചെയ്ത യേശു തന്റെ കൈകളും കാലുകളും അവർക്ക് കാണിച്ചുകൊടുത്തു. അവരെല്ലാം യേശുവിൽ പൂർണ്ണമായും വിശ്വസിക്കുകയും യേശുവിനെ ആരാധിക്കുകയും ചെയ്തു. ജീവിതത്തിൽ നിന്നും ഒരിക്കലും മായ്ക്കാനാവാത്ത ഉത്ഥാനത്തിന്റെ ഈ അനുഭവമാണ് ലോകം മുഴുവനും ചെയ്ത് യേശുവിന് ശക്തമായ സാക്ഷ്യം വഹിക്കുവാൻ ശിഷ്യന്മാർക്ക് പ്രചോദനം നൽകിയത്. ഇങ്ങനെ യേശുവിനെ അനുഭവിച്ചറിയാത്തവർക്ക് യേശുവിൽ വിശ്വസിക്കുവാനോ അവിടുത്തെ ഉത്ഥാനത്തിന് സാക്ഷികളായിത്തീരുവാനോ സാധിക്കുകയില്ല.

**4. ദൈവവചനത്തിലൂടെയും കൂദാശകളിലൂടെയുമുള്ള ഉത്ഥാനാനുഭവം**

ഉത്ഥാനം ചെയ്ത യേശുവിലുള്ള നമ്മുടെ വിശ്വാസം ജീവിതത്തിൽ ഒരു മാറ്റം വരുത്താൻ സഹായിക്കുന്നതല്ലെങ്കിൽ അതിനർത്ഥം ആ വിശ്വാസം അനുഭവരഹിതമാണ്. മഗ്ദലേന മറിയത്തെയും ഭക്തസ്ത്രീകളെയും അപ്പോസ്തലന്മാരെയും പോലെ യേശുവിനെ കാണുകയും കേൾക്കുകയും അനുഭവിച്ചറിയുകയും ചെയ്യുന്നവർക്ക് മാത്രമേ യേശുവിന്റെ ശിഷ്യന്മാരായിത്തീരാൻ സാധിക്കുകയുള്ളൂ.

ഈ അനുഭവത്തിൽ വളരുവാൻ നമ്മെ സഹായിക്കുന്ന ഘടകങ്ങളിലൊന്ന് ദൈവവചന പാരായണവും അതിനെക്കുറിച്ചുള്ള ധ്യാനവുമാണ്. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരുടെ അനുഭവം ഇതിനു തെളിവാണ്. ദുഃഖത്തിലും നിരാശയിലും നിപതിച്ച അവർ യേശുവിന്റെ വചനങ്ങൾ കേട്ടപ്പോൾ പറഞ്ഞതിതാണ്: ''വഴിയിൽ വച്ച് അവൻ വിശുദ്ധ ലിഖിതം വിശദീകരിച്ചു കൊണ്ട് നമ്മോടു സംസാരിച്ചപ്പോൾ നമ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലേ?'' (ലൂക്കാ. 24, 32).

ഉത്ഥാനം ചെയ്ത യേശുവിന്റെ അനുഭവം നമുക്ക് ആഴമായി പകർന്നുതരാനാണ് യേശു കൂദാശകൾ സ്ഥാപിച്ചത്. പ്രത്യേകിച്ച് ജ്ഞാനസ്നാനം, ദിവ്യകാരുണ്യം എന്നീ കൂദാശകളിലൂടെ യേശുവിന്റെ ചൈതന്യം കൊണ്ടു നിറയുവാൻ നമുക്കു കഴിയും. ജ്ഞാനസ്നാനം യേശുവിന്റെ മരണത്തിലും ഉയിർപ്പിലുമുള്ള ഒരു പങ്കാളിത്തമാണ്. ഇത് ഒരു നിമിഷം കൊണ്ട് അവസാനിക്കുന്ന ഒന്നല്ല. ജീവിതകാലം മുഴുവനും നീണ്ടുനിൽക്കേണ്ട ഒരു അനുഭവമാണ്. പൗലോസ് അപ്പോസ്തലൻ ഇതേക്കുറിച്ച് നമ്മെ പഠിപ്പിക്കുന്നതിതാണ്: ''യേശു ക്രിസ്തുവിനോട് ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തിൽ ഐക്യപ്പെടാനാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടേ? അങ്ങനെ അവന്റെ മരണത്തോട് നമ്മെ ഐക്യപ്പെടുത്തിയ ജ്ഞാനസ്നാനത്താൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. ക്രിസ്തു മരിച്ചതിനുശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപാലെ നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊപ്പം സംസ്കരിക്കപ്പെട്ടത്. അവന്റെ മരണത്തിന് സദൃശ്യമായ ഒരു മരണത്താൽ നാം

അവനോട് ഐക്യപ്പെട്ടവരാണെങ്കിൽ അവന്റെ പുനരുത്ഥാനത്തിനു സദൃശ്യമായ ഒരു പുനരുദ്ധാനത്താലും നാം അവനോട് ഐക്യപ്പെട്ടവരായിരിക്കും. നാം ക്രിസ്തുവിനോടു മരിച്ചു എങ്കിൽ അവനോടുകൂടെ ജീവിക്കും എന്നു നാം വിശ്വസിക്കുന്നു'' (റോമ 6, 3-8). ഇങ്ങനെ ജ്ഞാനസ്നാനം നമ്മെ സംബന്ധിച്ചിടത്തോളം അർത്ഥമില്ലാത്ത, ജീവിത സ്പർശിയല്ലാത്ത വെറുമൊരു ചടങ്ങായി അവശേഷിക്കാതെ യേശുവിന്റെ മരണത്തിലും ഉയിർപ്പിലും നിരന്തരമായി പങ്കുചേരുന്ന ഒരു ജീവിത യാഥാർത്ഥ്യമായിത്തീരുന്നു.

ഉത്ഥാനാനുഭവത്തിൽ വളരാനുള്ള വേറൊരു ഫലപ്രദമായ മാർഗ്ഗം കൂടെ കൂടെ ഭക്തിപൂർവ്വം ദിവ്യകാരുണ്യം സ്വീകരിക്കുകയാണ്. ഇതേക്കുറിച്ച് യേശുതന്നെ നമുക്ക് തരുന്ന ഉറപ്പിതാണ്: ''എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യം ജീവനുണ്ട്. അവസാന ദിവസം ഞാൻ അവനെ ഉയിർപ്പിക്കും'' (യോഹ. 6, 54).

''കർത്താവ് സത്യമായും ഉയിർത്തെഴുന്നേറ്റു'' എന്ന് ശിഷ്യന്മാരെപ്പോലെ അധരങ്ങൾ കൊണ്ട് ഏറ്റുപറയുവാൻ നമുക്കാകണമെങ്കിൽ ആദ്യം അത് ഹൃദയത്തിൽ നാം വിശ്വസിക്കണം. മനുഷ്യബുദ്ധിക്കതീതമായ ഒരു യാഥാർത്ഥ്യമാണ് ഉത്ഥാന രഹസ്യം. ബുദ്ധിക്ക് ഗ്രഹിക്കാനാവുന്ന തെളിവിനെക്കാൾ ഹൃദയത്തിന് ഉൾക്കൊള്ളാവുന്ന ഒരു അനുഭവമാണിത്. ഈ അനുഭവത്തിൽ വളരുമ്പോഴും ഈ അനുഭവം പങ്കുവയ്ക്കുമ്പോഴുമാണ് നാം യേശുവിന്റെ ശിഷ്യന്മാരായിത്തീരുന്നത്. വേദപുസ്തക പാരായണത്തിലൂടെയും തിരുവചനങ്ങളെക്കുറിച്ചുള്ള ധ്യാനത്തിലൂടെയും കൂദാശ സ്വീകരണത്തിലൂടെയും ഈ അനുഭവത്തിൽ വളരാൻ നമുക്ക് ശ്രമിക്കാം.

**5. പ്രത്യാശ പകരുന്ന ഉത്ഥാനാനുഭവം**

നമ്മുടെയും മറ്റുള്ളവരുടെയും ജീവിതത്തിൽ നിന്നും ദുഃഖത്തിന്റെയും നിരാശയുടെയും കാർമേഘപടലങ്ങൾ തുടച്ചുമാറ്റി പ്രത്യാശയുടെ ദീപനാളം തെളിയിക്കുവാൻ ഈ ഉത്ഥാനാനുഭവത്തിനു സാധിക്കും. മരംകോച്ചുന്ന തണുപ്പത്ത് നേരിയ വസ്ത്രങ്ങൾ ധരിച്ച ഒരു സാധു ബാലൻ ലണ്ടനിലെ ഒരു വഴിയരുകിലിരുന്ന് പത്രം വിൽക്കുകയാണ്. കമ്പിളി വസ്ത്രങ്ങളണിഞ്ഞ് പത്രം മേടിക്കാൻ വന്ന ഒരു മനുഷ്യന് ഈ ബാലനോട് സഹതാപം തോന്നി. അയാൾ അവനോട് ചോദിച്ചു: ''മോനേ ഈ കൊടും തണുപ്പിൽ നിനക്ക് കുളിരുന്നില്ലേ?'' നിരാശയുടേയോ ദുഃഖത്തിന്റെയോ ലേശംപോലുമില്ലാത്ത ആ ബാലന്റെ മുഖത്ത് ഒരു പുഞ്ചിരി വിടരുന്നതു കണ്ട് ആ മനുഷ്യൻ അത്ഭുതപ്പെട്ടു. ബാലന്റെ മറുപടി ഇതായിരുന്നു: ''അതേ സാറേ, വല്ലാത്ത തണുപ്പനുഭവപ്പെടുന്നുണ്ട്. എന്നാൽ കുറെക്കഴിയുമ്പോൾ സൂര്യനുദിക്കും. എല്ലാ പ്രശ്നങ്ങളും തീരും''. ഇതാണ് പ്രത്യാശ. വിറച്ചു വിറങ്ങലടിക്കുമ്പോഴും വളരെ താമസിയാതെ സൂര്യനുദിക്കുമെന്ന പ്രത്യാശ. ഇത്തരം ഒരു പ്രത്യാശയാണ് യേശുവിന്റെ ഉയിർപ്പിലുള്ള വിശ്വാസം നമുക്കും പകർന്നുതരുന്നത്. ഇന്നു നാം കടന്നു പോകുന്ന വഴികൾ എത്രതന്നെ പ്രശ്ന സങ്കീർണ്ണമായിക്കൊള്ളട്ടെ, വളരെ താമസിയാതെ തന്നെ എല്ലാ പ്രശ്നങ്ങളും അവസാനിക്കും. യേശുവിനോടൊപ്പം നാമും ഉയർത്തെഴുന്നേല്ക്കുകയും എല്ലാ പ്രശ്നങ്ങളെയും അതിജീവിക്കുകയും ചെയ്യും. ഉത്ഥാനാനുഭവത്തിലൂടെ സദാ പുഞ്ചിരിക്കുന്ന ഒരു മനോഭാവത്തോടു കൂടി ഈ പ്രത്യാശയിൽ വളരുവാൻ വേണ്ട കൃപയ്ക്കായി നമുക്കു പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ